# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2376 – 05/11/2019 - ലെ മറുപടിക്ക്

### റബ്ബറിന് താങ്ങുവില

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | റബ്ബർ കർഷകർക്ക് വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്ര രൂപയാണ്; ഏതൊക്കെ നിബന്ധന പ്രകാരമാണ് ഇത് കർഷകർക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം കിലോയ്ക്ക് 150/- രൂപയാണ് റബ്ബറിന് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയിലെ (Daily reference price) വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സാമ്പത്തിക സഹായം ഒരു അപേക്ഷകന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഹെക്ടറൊന്നിന് ഒരു വർഷം പരമാവധി 1800 കിലോ റബ്ബറിനു മാത്രമായി സാമ്പത്തിക സഹായം നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം RSS-1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത്. |

| | | |
|---|---|---|
| (ബി) | എന്നുമുതലാണ് റബ്ബറിന് താങ്ങുവില നൽകാൻ തുടങ്ങിയത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബറിന്റെ താങ്ങുവില ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന്അറിയിക്കാമോ; | 2015 ജൂലൈയ് മാസം മുതലാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം സബ്സിഡി നൽകി തുടങ്ങിയത്. 2015ൽ തുടങ്ങിയ പ്രസ്തുത സ്കീമിന്റെ അഞ്ചാം ഘട്ടം 2019 ജൂലൈയിൽ തുടങ്ങി 2020 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1103.13 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും ഉയർത്തിയിട്ടില്ല. |
| (സി) | റബ്ബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക 2019-20 ലെ കേന്ദ്ര ബജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**